(ബി) ഇതുസംബന്ധിച്ച് കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 4-9-2019, 4-2-2020 തീയതികളിലെ റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന നിരവധി കുട്ടികളുള്ള പ്രസ്തുത മണ്ഡലത്തിലെ എല്ലാ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസം ലഭ്യമാകുന്ന തരത്തിൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുവേണ്ട അനുകൂല നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

**ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം**

144(1129) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ചൊക്ലി ഗവണ്മെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

145(1130) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവണ്മെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി ചൊക്ലി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിർമ്മാണം മൂപ്പൻസ് ആസെക്ട് എന്ന നിർമ്മാണ കമ്പനിക്ക് കരാർ നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly